## 20. ഓഫീസ് നവീകരണം

ഓഫീസ് നവീകരിക്കുന്നതിന്റെ ഭാഗമായി ഓരോ സെക്ഷനിലും, കമ്പ്യൂട്ടർ വാങ്ങി സ്ഥാപിക്കുകയും, ടൈപ്പിംഗ് പൂർണ്ണമായും കമ്പ്യൂട്ടർ മുഖേനയാക്കുന്നതുമാണ്. വകുപ്പിലെ ജീവനക്കാ രുടെ ശമ്പളം മുതലായ ആനുകൂല്യങ്ങൾ സ്പാർക്ക് എന്ന പുതിയ സംവിധാനത്തിലൂടെയാണ് നൽകുന്നത്.

വകുപ്പിലെ ജീവനക്കാർ കൃത്യനിഷ്ഠ പാലിക്കാനായി പഞ്ചിംഗ് സമ്പ്രദായം ഏർപ്പെടുത്തിയിട്ടുണ്ട്.

ബോട്ടുകളിൽ ടിക്കറ്റ് വിതരണം നടത്തുന്നതിനായി ടിക്കറ്റ് വെൻഡിംഗ് മെഷീൻ നൽകുന്നതിനായി നടപടി സ്വീകരിച്ചുവരുന്നു.

വകുപ്പിലെ ജീവനക്കാരുടെ സേവനങ്ങളെയും, കാര്യക്ഷമതയെയും വർദ്ധിപ്പിക്കാൻ ഉതകുന്ന രീതിയിൽ ജീവനക്കാരുടെ സേവനങ്ങളെ വിവിധ കാറ്റഗറികളിലായി തിരിച്ചുകൊണ്ട്, അവ പ്രസിദ്ധപ്പെടുത്തി പ്രശംസകൾ നൽകുന്നതിനായി ഒരു പ്രോജക്ട് നടപ്പിലാക്കുന്ന നടപടികൾ ദ്രുതഗതിയിൽ നടന്നുവരുന്നു.

വകുപ്പിന്റെ സേവനം മെച്ചപ്പെടുത്തു ന്നതിനായി പൊതുജനങ്ങൾ ആത്മാർത്ഥതയോടുകൂടി സമർപ്പിക്കുന്ന വിലയേറിയ നിർദ്ദേശങ്ങൾ ഞങ്ങൾ സസന്തോഷം സ്വീകരിക്കുകയും, ആയത് നടപ്പിലാക്കാൻ പരമാവധി പ്രയത്നിക്കുകയും ചെയ്യുന്നതാണ്.